പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4222 25.06.2014 ൽ മറുപടിയ്ക്ക്

സംസ്ഥാനത്തെ പോസ്റ്റ് മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകൾ

ചോദ്യം

ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര പോസ്റ്റ് മെട്രിക് പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ 17 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും, 87 പ്രീമെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 10 എണ്ണം ആൺകുട്ടികളുടേതും 7 എണ്ണം പെൺകുട്ടികളുടേതുമാണ്. പ്രീമെട്രിക് ഹോസ്റ്റലുകളിൽ 45 എണ്ണം ആൺകുട്ടികളുടേതും 42 എണ്ണം പെൺകുട്ടികളുടേതുമാണ്. |
| (ബി) | പ്രസ്തുത ഹോസ്റ്റലുകളിൽ എത്ര വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് സൗകര്യമുണ്ടെന്ന് വിശദമാക്കുമോ; | (ബി) | 17 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലായി ആകെ 1380 വിദ്യാർത്ഥികൾക്കും 87 പ്രീമെട്രിക് ഹോസ്റ്റലുകളിലായി ആകെ 2813 വിദ്യാർത്ഥികൾക്കും താമസ സൗകര്യമുണ്ട്. |
| (സി) | എല്ലാ പ്രീമെട്രിക്-പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കും താമസ സൗകര്യമൊരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | പോസ്റ്റ് മെട്രിക് തലത്തിൽ ആവശ്യകത പരിശോധിച്ച് പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലും പാലക്കാട് ജില്ലയിലെ മനിശ്ശേരിയിലും ആൺകുട്ടികൾക്കും ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും എറണാകുളം ജില്ലയിലെ ആലുവയിലും പെൺകുട്ടികൾക്കും വേണ്ടിയുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ അന്തേവാസികൾ ഓരോ വർഷവും കുറഞ്ഞ് വരുന്നതായി കാണുന്നതിനാൽ നിലവിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ കൂടുതൽ താമസ സൗകര്യമൊരുക്കേണ്ട ആവശ്യകതയില്ല. ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം (പെൺ), കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠേശ്വരം (ആൺ), തളിപ്പറമ്പ് (ആൺ) എന്നിവിടങ്ങളിൽ പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

Sal K.T

സെക്ഷൻ ഓഫീസർ